# 26

## സഭ:

# മാതൃകാ സഭ

**നാമം നിർവ്വചിച്ചു** ______________________________

1. **"മാതൃക" എന്നാൽ അർത്ഥം എന്ത്?** അനുകരിക്കത്തക്ക ഒരു വ്യക്തി, രൂപം എന്നിവ.
2. **"മോഡൽ" എന്നതും "മോഡേൺ" എന്നതും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുക.**
3. **തെസലൊനിക്യാ സഭ മറ്റുള്ളവരോടു എങ്ങനെ ആയിരുന്നു (1 തെസ. 1:7)?**
4. **മോഡൽ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് (2 തിമൊ. 1:13)?**
5. **എല്ലാ കാലത്തേക്കുമുള്ള ഒരു മോഡൽ ചർച്ച് ഏതാണ്?** യെരുശലേം സഭ.

**ക്രിസ്തു - ഏക മോഡൽ** ______________________________

1. **കെട്ടിടത്തിനു അവൻ എന്താണ് - എന്തു ബന്ധമാണുള്ളത് (മത്താ. 16:18)?**
2. **അവൻ സഭയ്ക്കു എന്താണ് (എഫെ. 1:22, 23; കൊലൊ. 1:18)?**
3. **കെട്ടിടത്തിന്റെ ചുമരുകൾക്ക് അവൻ എന്താണ് (എഫെ. 2:20)?**
4. **മേൽകെട്ടിടത്തിനു അവൻ എന്താണ് (1 കൊരി. 3:11)?**
5. **സമാധാനം ഉണ്ടാക്കുന്നതിനു അവൻ എന്താണ് (1 തിമൊ. 2:5)?**
6. **അവൻ ശരീരത്തിനു എന്താണ് (എഫെ. 5:23)?**
7. **സഭയെ സഹായിക്കുവാൻ അവൻ എന്താണ് കൊടുത്തിട്ടുള്ളത് (2 തിമൊ. 3:16, 17)?**

**സംഘടനയിൽ മാതൃക** ______________________________

1. **ഓരോ പ്രാദേശിക സംഘത്തിനും എന്താണുള്ളത് (പ്രവൃത്തികൾ 14:23; തിത്തൊ. 1:5)?**
   a. അവ എന്തായിരിക്കയില്ല? (പാഠം 13 നോക്കുക)

b. അവയുടെ ക്രിയാത്മക സ്വഭാവം എന്തെല്ലാമാണ് (പാഠം 13 നോക്കുക)
c. മേല്നോട്ടം നടത്തുന്നവർ അംഗങ്ങളുമായി “നല്ല ബന്ധം” പുലർത്തുന്നതെങ്ങനെ?
d. അവർ ബിസിനസ് മീറ്റിങ്ങിൽ എങ്ങനെ കാര്യങ്ങൾ കൈകാര്യം ചെയ്യും (1 കൊരി. 14:33, 40)?
e. അവർ എങ്ങനെ അംഗങ്ങളിൽ ആത്മവിശ്വാസം വളർത്തും? അവരുടെ പദ്ധതികൾ എല്ലാം സഭയെ അറിയിക്കും.
f. ക്രിയാത്മകമായ വിമർശനം ക്ഷണിച്ചുകൊണ്ടു കൂടുതൽ ആത്മവിശ്വാസം അവർ എങ്ങനെ ഉണ്ടാക്കി എടുക്കും?

**2. മൂപ്പന്മാരെ സഹായിക്കുന്നതിനു, ഓരോ മാതൃകാ സഭയ്ക്കും എന്താണുള്ളത് (1 തിമൊ. 3:8-13)?**
a. ആ ശുശ്രൂഷകന്മാർ എന്തായിരിക്കയില്ല? (പാഠം 17 നോക്കുക).
b. അവർക്ക് എന്തെല്ലാം ക്രിയാത്മകമായ സ്വഭാവങ്ങൾ ഉണ്ടായിരിക്കും (പാഠം 17 നോക്കുക).
c. സഭയുടെ ഏതു പ്രവൃത്തികളാണ് ഈ ശുശ്രൂഷകന്മാർ നിർവ്വഹിക്കുക (പ്രവൃത്തികൾ 6:1-4)?
d. എന്തിന്റെ ക്രമം കൂടെ ശുശ്രൂഷകന്മാർ നോക്കും? ഇടവകയെ സേവിക്കുക, കെട്ടിടം വൃത്തിയാക്കൽ, വായു സഞ്ചാരം ഉറപ്പുവരുത്തുക.

**3. അംഗത്വം ആർക്കു കീഴ്പ്പെട്ടിരിക്കണം (എബ്രാ. 13:17)?**
a. അംഗങ്ങൾ എന്തു സ്വാതന്ത്ര്യമാണ് ആസ്വദിക്കുന്നത്? സംസാരസ്വാതന്ത്ര്യം, സഹകരണനേട്ടം, ആലോചന നല്കുവാനും.
b. മൂപ്പന്മാർ ദൈവ വചനം ലംഘിച്ചാലോ? അംഗങ്ങൾക്കു ഉപദേശം 1 പത്രൊ. 5:2, 3-ൽ നിന്നു ചൂണ്ടി കാണിക്കാം.

**പ്രവൃത്തിയിൽ മാതൃക ______________________________**

**1. സഭയിലെ ഓരോ അംഗവും എന്തു ചെയ്യും (ഫിലി. 2:12)?**

**2. ഏതെല്ലാം മൂന്നു പാഠങ്ങൾ ആണ് എല്ലാവരും പഠിക്കുക (1 തെസ. 4:11)?**

**3. സാഹോദര്യപ്രീതിയിൽ എന്തു ചെയ്യുവാൻ പറഞ്ഞിരിക്കുന്നു (റോമ. 12:10)?**
ആദരിക്കപ്പെടേണ്ടിവരുമ്പോൾ, സ്നേഹം എന്തു ചെയ്യും (റോമ. 12:10)?

**4. എല്ലാവരും എങ്ങനെ ക്രിസ്തുവിന്റെ അനുയായികൾ ആയി അറിയപ്പെടും (യോഹ. 13:34, 35)?**

**5. അംഗങ്ങളിൽ എല്ലായ്പ്പോഴും ഉണ്ടാകേണ്ടത് എന്ത് (എബ്രാ. 13:1)?**

**6. തീർച്ചയുള്ള പദ്ധതികൾ ആളുകൾ എങ്ങനെ പ്രാവർത്തി**

**കമാക്കണം.**

a. സഭയുടെ സാമ്പത്തിക പ്രവൃത്തികളെ കുറിച്ച് (1 കൊരി. 16:1–3; 2 കൊരി. 9:7)?
b. സഭയുടെ സുവിശേഷയോഗങ്ങളെ സംബന്ധിച്ച് (1 തിമൊ. 4:16)?
c. വ്യവസ്ഥാപിതമായ ബൈബിൾ പഠനത്തെ സംബന്ധിച്ച് (2 തിമൊ. 2:15; പ്രവൃത്തികൾ 17:11, 12)?
d. പാട്ട് ശുശ്രൂഷ, പുസ്തകങ്ങൾ, പ്രാർത്ഥന എന്നിവയെ സംബന്ധിച്ച്?

**ആരാധനയിൽ മാതൃക** ______________________________

1. **ക്രിസ്ത്യാനികളുടെ മനസ്സ് എവിടെയായിരിക്കണം (കൊലൊ. 3:1–3)?**
2. **ദൈവം എന്താണ്, അവനെ എങ്ങനെ ആരാധിക്കണം (യോഹ. 4:23, 24)?**
3. **പരസ്യാരാധനയിൽ ഓരോരുത്തരും എങ്ങനെ പ്രവർത്തിക്കണം (എബ്രാ. 12:28)?**

© 2009 Truth for Today